## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8128 17-07-2014-ൽ മറുപടിയ്ക്ക്

## കാലാവധി കഴിഞ്ഞ മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ.എ. ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ സ്റ്റോറുകളിലും ഫാർമസികളിലും കാലാവധി കഴിഞ്ഞ മരുന്നുകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾ 1945 പ്രകാരം ആശുപത്രിക്കോ, മെഡിക്കൽ ഷോപ്പിനോ കാലഹരണപ്പെട്ട മരുന്നുകൾ പ്രത്യേകം പാക്ക് ചെയ്ത്, പ്രത്യേകം സൂക്ഷിക്കുവാനുള്ള അനുവാദം ഉണ്ട്. (പ്രസ്തുത മരുന്നുകൾ നിർമ്മാതാവിനോ, വിതരണക്കാർക്കോ തിരിച്ച് നൽകാവുന്നതാണ്) കാലഹരണപ്പെട്ട മരുന്നുകൾ വിൽക്കുന്നതോ വിൽപ്പനക്കായുള്ള മരുന്നുകൾക്കൊപ്പം സൂക്ഷിക്കുന്നതോ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് പ്രകാരം കുറ്റകരമാണ്. ഇക്കാര്യം ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധനാ വേളയിൽ പ്രത്യേകം ശ്രദ്ധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട് |
| (ബി) ഇത്തരം മരുന്നുകളെ ബയോമെഡിക്കൽ വേയ്സ്റ്റ് ആയി കണക്കാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) ബയോമെഡിക്കൽ വേയ്സ്റ്റ് (മാനേജ്മെന്റ് & ഹാൻഡ് ലിംഗ്) റൂൾസ് 1998 ലെ ഷെഡ്യൂൾ I കാറ്റഗറി നം. 5 പ്രകാരം, കാലാവധി കഴിഞ്ഞ മരുന്നുകളെ ബയോമെഡിക്കൽ വേയ്സ്റ്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ കേന്ദ്രനിയമം നിലവിലുണ്ട്. |
| (സി) ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എല്ലാ സർക്കാർ ഫാർമസികളും സ്റ്റോറുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) സർക്കാർ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലാവധി കഴിയാനുള്ള പ്രധാന കാരണം ചില മരുന്നുകളുടെ ഉപയോഗം കുറയുന്നതുകൊണ്ടാണ്. കമ്പ്യൂട്ടർവൽക്കരണം കൊണ്ട് മാത്രം മരുന്നുകളുടെ കാലഹരണം തടയുവാൻ കഴിയുകയില്ല. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഏതെല്ലാം മരുന്നുകളാണ് പെട്ടെന്ന് കാലാവധി കഴിയാൻ പോകുന്നത് എന്ന് അറിയാൻ സാധിക്കുകയും ആയവ വേറെ ആശുപത്രികളിലേയ്ക്ക് മാറ്റുവാനും സാധിക്കും. എല്ലാ ഫാർമസികളും സ്റ്റോറുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ഡി) ഉപയോഗ കാലാവധി കുറഞ്ഞ മരുന്നുകൾ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യപ്പെടുന്നത് കാരണം മരുന്നുകൾ അതിവേഗം കാലഹരണപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (ഡി) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളും അഖിലേന്ത്യാ തലത്തിൽ ക്ഷണിക്കുന്ന മത്സര ടെണ്ടറുകളിലൂടെ സംഭരിച്ച് സംസ്ഥാനത്തെ |

| | |
|---|---|
| | സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത് കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനിലൂടെയാണ്. ഇത്തരത്തിൽ സംഭരിക്കുന്ന മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ വിതരണം ചെയ്യുമ്പോൾ മരുന്നിന്റെ ആകെ കാലാവധിയുടെ 75 % കാലയളവ് (Shelf life period) ഉണ്ടായിരിക്കണമെന്ന് 2013 – 14 സാമ്പത്തിക വർഷം വരെ വ്യവസ്ഥ ചെയ്തിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന മരുന്നുകൾ 'ആദ്യം കാലാവധി കഴിയുന്ന മരുന്നുകൾ ആദ്യം വിതരണം ചെയ്യുന്ന (First Expiry First Out-FEFO)" സമ്പ്രദായ പ്രകാരമാണ് വിതരണം ചെയ്തുവരുന്നത്. എന്നാൽ ഇൻഡന്റ് മുഖേന ആശുപത്രികൾ ആവശ്യപ്പെടുന്ന മരുന്നുകൾ ഏതെങ്കിലും കാരണത്താൽ ആശുപത്രികൾ യഥാസമയം സ്വീകരിക്കാതെ വരുമ്പോൾ വെയർഹൗസിൽ ഇരുന്നോ, ആശുപത്രികൾ സ്വീകരിച്ചശേഷം യഥാസമയം ഉപഭോഗം നടന്നില്ലെങ്കിൽ ആശുപത്രിയിൽ വച്ചോ കാലഹരണപ്പെടാറു ണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടർ വ്യവസ്ഥ പ്രകാരം കോർപ്പറേഷന് സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് ചുരുങ്ങിയത് 85% കാലാവധി ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഇ): കാലഹരണപ്പെടു ന്ന മരുന്നുകൾ ഉടൻ ത ന്നെ വിതരണക്കാർ തിരിച്ചെടുക്കണമെ ന്ന് എ ല്ലാ ദർഘാസുകളിലും വ്യവസ്ഥ ചെയ്യുന്ന തിന് നടപടി സ്വീകരിയ്ക്കുമോ? | (ഇ) കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും, നൽകുന്ന വാർഷിക ഇൻഡന്റ് അടിസ്ഥാനമാക്കിയാണ് ഒരു വർഷ കാലയളവിലേയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നത്. ഒരു വർഷത്തേയ്ക്കുള്ള ടെണ്ടർ ക്ഷണിച്ച് യോഗ്യത നേടുന്ന വിതരണ ക്കമ്പനികൾ ആ വർഷത്തേയ്ക്കാണ് കോർപ്പ റേഷനുമായി കരാറിൽ ഏർപ്പെടുന്നത്. അതനുസരിച്ച് പ്രസ്തുത കമ്പനികൾ കോർപ്പറേഷനിൽ നിക്ഷേപിക്കുന്ന കരുതൽ ധനം (Security Deposit) 15 മാസത്തെ കാലാവധിയിലാണ്. സാധാരണയായി ഈ കാലയളവിനു ശേഷമായിരിക്കും മരുന്നുകളുടെ കാലാവധി കഴിയുക. അത്തരം സാഹചര്യ ങ്ങളിൽ കാലാവധി കഴിയാറായ മരുന്നു കൾക്ക് പകരം കാലാവധിയുള്ള മരുന്നുകൾ വിതരണക്കാരെക്കൊണ്ട് മാറ്റിയെടുക്കുക പ്രയാസകരമാണ്. കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച (2008 – 09) സാമ്പത്തിക വർഷം മുതൽ, പരസ്പരധാരണയോടെ തിരിച്ചെടുക്കുന്ന വ്യവസ്ഥകൾ ടെണ്ടറുകളിൽ ഉൾപ്പെടുത്തി യിരുന്നെങ്കിലും മേൽ കാരണത്താൽ മരുന്നു തിരിച്ചെടുക്കൽ വ്യവസ്ഥകൾ ഒന്നും പാലിക്കപ്പെട്ടിട്ടില്ല. മരുന്നുകൾ തിരിച്ചെടു |

| | |
|---|---|
| | ക്കാനുള്ള കർശന വ്യവസ്ഥകൾ ടെണ്ടറിൽ ഉൾപ്പെടുത്തിയാൽ വിതരണക്കാർ മരുന്നുകൾക്ക് കൂടുതൽ വില ക്വാട്ട് ചെയ്യാൻ സാദ്ധ്യതയുണ്ട്. കൂടാതെ തിരിച്ചെടുക്കുന്ന മരുന്നുകൾ ലേബൽ മാറ്റി വിതരണം ചെയ്യാനും സാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ